മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ആഗസ്റ്റ് 5

# വാർത്താക്കുറിപ്പ്

---

## എം.ജി. ബിരുദ / ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്കുള്ള ഏകജാലകം: സാധ്യതാ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

എം.ജി. സർവ്വകലാശാല ബിരുദ / ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിന് അപേക്ഷിച്ചവർക്ക് അപേക്ഷയിൽ തിരുത്തലുകൾ വരുത്തുന്നതിനും ഓപ്ഷനുകൾ കൂട്ടിച്ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും പുന:ക്രമീകരിക്കുന്നതിനുമുള്ള അവസരം ആഗസ്റ്റ് 10 ന് വൈകിട്ട് അഞ്ച് മണി വരെ ലഭ്യമായിരിക്കും. അപേക്ഷകർ തങ്ങളുടെ സർട്ടിഫിക്കറ്റുകൾ അപ്ലോഡ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും അപ്ലോഡ് ചെയ്യാൻ വിട്ടു പോയിട്ടുണ്ടെങ്കിൽ സമയപരിധിക്കുള്ളിൽ ചെയ്യേണ്ടതുമാണ്. ഓൺലൈൻ അപേക്ഷയിൽ പിഴവുകൾ വരുത്തിയവരും മാർക്കുകൾ തെറ്റായി എന്റർ ചെയ്തവരും തെറ്റുകൾ തിരുത്തേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (cap.mgu.ac.in).

(പി.ആർ.ഒ./39/1082/2022)

## എം.ജി. ഓൺലൈൻ പ്രോഗ്രാം: പ്രവേശന തീയതി നീട്ടി

എം.ജി. സർവ്വകലാശാലയുടെ സെന്റർ ഫോർ ഓൺലൈൻ എഡ്യുക്കേഷൻ നടത്തുന്ന എം.കോം. ഫിനാൻസ് ആൻഡ് ടാക്സേഷൻ ഓൺലൈൻ ബിരുദ പ്രോഗ്രാമിലേക്ക് പ്രവേശനത്തിനുള്ള അവസാന തീയതി ഒക്ടോബർ 31 ലേക്ക് നീട്ടി. യു.ജി.സി. യുടെ അംഗീകാരത്തോടെ നടത്തുന്ന റെഗുലർ ഡിഗ്രിക്ക് തുല്യമായ ഓൺലൈൻ പ്രോഗ്രാമുകൾ വിവിധ കാരണങ്ങളാൽ കോളേജ് പഠനം അസാധ്യമായവർക്കും ജോലിയോടൊപ്പം പഠനം തുടരാൻ ആഗ്രഹിക്കുന്നവർക്കും വിദേശ വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രയോജനപ്രദമാണ്. വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.mguonline.ac എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ./39/1083/2022)

## കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാല നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജി(എൻ.ഐ.പി.എസ്.റ്റി.) യിൽ 'ടെക്നിക്കൽ അസിസ്റ്റന്റ്' തസ്തികയിൽ താൽകാലിക / കരാർ നിയമനത്തിനായി വോക്-ഇൻ ഇന്റർവ്യൂ ആഗസ്റ്റ് 12 ന് 12.30 ന് പ്രോ-വൈസ് ചാൻസലറുടെ ചേംബറിൽ വച്ച് നടക്കും. യോഗ്യത, പ്രായം, പ്രതിഫലം തുടങ്ങിയ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/1084/2022)

## പി.ജി. സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിൽ എം.എ. ഗാന്ധിയൻ സ്റ്റഡീസ് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് - 2022-23 അദ്ധ്യന വർഷത്തിലേക്ക് സീറ്റുകൾ ഒഴിവുണ്ട്. ഏതെങ്കിലും വിഷയത്തിൽ (പാർട്ട് III) 45 ശതമാനം മാർക്കോടെ ബിരുദം ഉള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ആഗസ്റ്റ് 10 ന് വൈകുന്നേരം നാല് മണിക്ക് മുൻപായി നേരിട്ട് വകുപ്പ് ഓഫീസിൽ ഹാജരാകണം. പട്ടിക ജാതി / പട്ടിക വർഗ വിദ്യാർത്ഥികൾക്ക് മിനിമം പാസ് മാർക്ക് മതിയാകും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481-2731039, 8075909754, 7559085601.

(പി.ആർ.ഒ./39/1085/2022)

## സിറ്റൊഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ എം.ബി.എ. കോഴ്സിൽ 2022 അഡ്മിഷനിലേക്ക് എസ്.സി. / എസ്.ടി. വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. സി.എ.റ്റി. / സി.എം.എ.റ്റി./ കെ.എം.എ.റ്റി. യോഗ്യതയുള്ള അർഹരായവർ സർട്ടിഫിക്കറ്റുകൾ സഹിതം ആഗസ്റ്റ് 10 ന് രാവിലെ 10 മണിക്ക് നേരിട്ട് ഹാജരാകണം. വിശദവിവരങ്ങൾക്ക് ഫോൺ: 0481 - 2732288.

(പി.ആർ.ഒ./39/1086/2022)

## ഓപ്പൺ അഡ്മിഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ എം.എസ്.സി മാത്തമാറ്റിക്സ / സ്റ്റാറ്റിസ്റ്റിക്സ് കോഴ്സുകളുടെ 2022 ബാച്ചിലേക്ക് സീറ്റുകൾ ഒഴിവുണ്ട്. സി.എ.റ്റി. എൻട്രൻസ് സ്കോർ 300 നും 100 നും ഇടയിൽ ലഭിച്ചവർ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകളുമായി ആഗസ്റ്റ് 10 ന് രാവിലെ 10.30 മുതൽ വകുപ്പ് ഓഫീസിൽ ഓപ്പൺ അഡ്മിഷന് നേരിട്ട് ഹാജരാകണം. വിശദവിവരങ്ങൾക്ക് 8304870247.

(പി.ആർ.ഒ./39/1087/2022)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ഡാറ്റ അനലിറ്റിക്സ് വകുപ്പിൽ എം.എസ്.സി. ഡാറ്റ സയൻസ് ആൻഡ് അനലിറ്റിക്സ് 2022 ബാച്ചിലേക്ക് എസ്.സി., എസ്.റ്റി. വിഭാഗത്തിൽ സീറ്റുകൾ ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ അസ്സൽ രേഖകളുമായി ആഗസ്റ്റ് 10 ന് രാവിലെ 10.30 മുതൽ വകുപ്പ് ഓഫീസിൽ സ്പോട്ട് അഡ്മിഷന് നേരിട്ട് ഹാജരാകണം. വിശദവിവരങ്ങൾക്ക് 8304870247.

(പി.ആർ.ഒ./39/1088/2022)

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ എം.എസ്.സി മാത്തമാറ്റിക്സ / സ്റ്റാറ്റിസ്റ്റിക്സ് കോഴ്സുകളുടെ 2022 ബാച്ചിലേക്ക് എസ്.സി./എസ്.റ്റി. വിഭാഗങ്ങളിൽ സീറ്റുകൾ ഒഴിവുണ്ട്. അർഹരായവർ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകളുമായി ആഗസ്റ്റ് 10 ന് രാവിലെ 10.30 മുതൽ വകുപ്പ് ഓഫീസിൽ സ്പോട്ട് അഡ്മിഷന് നേരിട്ട് ഹാജരാകണം. വിശദവിവരങ്ങൾക്ക് 8304870247.

(പി.ആർ.ഒ./39/1089/2022)

## പ്രാക്ടിക്കൽ പരീക്ഷ

നാലാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2020 അഡ്മിഷൻ - റഗുലർ / സപ്ലിമെന്ററി - രണ്ട് വർഷ കോഴ്സ്) ബിരുദ പരീക്ഷയുടെ പ്രായോഗിക പരീക്ഷ ആഗസ്റ്റ് 10 മുതല് 22 വരെ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1090/2022)

## പരീക്ഷാ ഫലം

2022 ഏപ്രിൽ മാസത്തിൽ നടന്ന ഒൻപത് സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി. (2010 അഡ്മിഷൻ - ഒന്നാം മെഴ്സി ചാൻസ് / 2009 അഡ്മിഷൻ - രണ്ടാം മെഴ്സി ചാൻസ് / 2008 അഡ്മിഷൻ - മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് സഹിതം ആഗസ്റ്റ് 19 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ./39/1091/2022)

2022 ഏപ്രിൽ മാസത്തിൽ നടന്ന പത്ത് സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി. (2010 അഡ്മിഷൻ - ഒന്നാം മെഴ്സി ചാൻസ് / 2009 അഡ്മിഷൻ - രണ്ടാം മെഴ്സി ചാൻസ് / 2008 അഡ്മിഷൻ - മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് സഹിതം ആഗസ്റ്റ് 20 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ./39/1092/2022)

**അനിൽകുമാർ ജി.**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**